"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.മിനി അബ്രഹാം, കൺസൾട്ടന്റ് (ഒ&ജി) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1981/2023-മേലുള്ള 09.11.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.353/2024/H&FWD തീയതി,തിരുവനന്തപുരം, 07-02-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. ഡോ.മിനി അബ്രഹാം സമർപ്പിച്ച 04.07.2023 തീയതിയായ അപേക്ഷ (Annexure A3).
3. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1981/2023-മേലുള്ള 09.11.2023-ലെ ഉത്തരവ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.01.2024-ലെ ഇ.ബി1-834/2024/ ആ.വ.ഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ കൺസൾട്ടന്റ് തസ്തികയിൽ പരാമർശം (1) 2023 പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഇടുക്കി, നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി എന്നാരോപിച്ചുകൊണ്ട് ആയത് പുനഃപരിശോധിക്കുവാൻ അഭ്യർത്ഥിച്ച് ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.മിനി എബ്രഹാം സർക്കാർ മുമ്പാകെ പരാമർശം (2) അപേക്ഷ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA 1981/2023 ഫയൽ ചെയ്യുകയുമുണ്ടായി. ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ അപേക്ഷകയെ നേരിൽ കേട്ട ശേഷം പരാമർശം (1) അപേക്ഷ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവ് പ്രകാരം ഒന്നാം എതിർക്കക്ഷിയായ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രതിനിധാനം ചെയ്യുന്ന സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2) OA 1981/2023 ഹർജിയിലെ ഉത്തരവ് അനുപാലിയ്ക്കുന്നതിന്റെ ഭാഗമായി അപേക്ഷക ഡോ. മിനി അബ്രഹാമിനെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സാന്നിധ്യത്തിൽ ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ 16.01.2024-ന് നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കുന്ന വേളയിൽ ഡോ.മിനി അബ്രഹാം ചുവടെ പറയും പ്രകാരം മൊഴി നൽകി:

2023 പൊതു സ്ഥലം മാറ്റത്തിൽ കോട്ടയം ജനറൽ ആശുപത്രിയും പാലാ ജനറൽ

ആശുപത്രിയും ഓപ്ഷനായി സമർപ്പിച്ചിരുന്നു. കരട് പ്രസിദ്ധീകരിച്ചപ്പോൾ കോട്ടയം ജനറൽ ആശുപത്രി ലഭിച്ചു. എന്നാൽ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ നിയമനം ലഭിച്ചത് നെടുംകണ്ടം താലൂക്ക് ആശുപത്രിയിലാണ്. 28.06.2023-ന് നെടുങ്കണ്ടം ആശുപത്രിയിൽ സേവനത്തിൽ പ്രവേശിച്ച് ജോലി ചെയ്തു വരുന്നു. 3 കുട്ടികൾ ഉണ്ട്. 94 വയസ്സായ മാതാവ് ഉണ്ട്. അവരുടെ സംരക്ഷണത്തിന് ടിയാളുടെ സാന്നിധ്യം ആവശ്യമാണ്. അതിനാൽ കോട്ടയം ജനറൽ ആശുത്രി, വൈക്കം താലൂക്ക് ആസ്ഥാന ആശുപത്രി, വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, തുറവൂർ താലൂക്ക് ആസ്ഥാന ആശുപത്രി, തൊടുപുഴ ജനറൽ ആശുപത്രി, ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നീ ആശുപത്രികളിൽ ഗൈനക്കോളജി കൺസൾട്ടന്റ് തസ്തികയിൽ വരുന്ന ഒഴിവിൽ അല്ലെങ്കിൽ കോട്ടയം, എറണാകുളം , ആലപ്പുഴ ജില്ലകളിൽ ഇനി ഉണ്ടാകുന്ന ഒരു ഒഴിവിൽ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു.

3) കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. മിനി എബ്രഹാം 2023 പൊതു സ്ഥലം മാറ്റത്തിൽ കോട്ടയം ജനറൽ ആശുപത്രി ഒന്നാം ഓപ്ഷനായും പാലാ ജനറൽ ആശുപത്രി രണ്ടാം ഓപ്ഷനായുമാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, ഒന്നാം ഓപ്ഷനായ കോട്ടയം ജനറൽ ആശുപത്രിയിൽ ഇടുക്കി, തൊടുപുഴ ജില്ലാ ആശുപത്രിയിൽ 12.03.2019 മുതൽ ജോലി ചെയ്ത് വന്ന ഡോ.ടെസ്സി അമ്മ സെബാസ്റ്റ്യനും, 14.06.2018 മുതൽ മലപ്പുറം ജില്ലയിലെ മഞ്ചേരി ജനറൽ ആശുപത്രിയിൽ ജോലിചെയ്ത് വന്ന ഡോ. മിനി. പി-യ്ക്കും 19.09.2018 മുതൽ ആലപ്പുഴ ജില്ലയിലെ തുറവൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്ത് വന്ന ഡോ. ലീന ജോസിനുമാണ് സ്ഥലംമാറ്റം നൽകിയതെന്നും, രണ്ടാം ഓപ്ഷനായ പാലാ ജനറൽ ആശുപത്രിയിലേക്ക് 17.10.2011 മുതൽ കോട്ടയം ജനറൽ ആശുപത്രിയിൽ ജോലി ചെയ്ത് വന്ന 'ഇൻറർ കാസ്റ്റ് മാരീഡ്" മുൻഗണന ഉള്ള ഡോ.ആശാറാണിയ്ക്കാണ് സ്ഥലം മാറ്റം നൽകിയിരുന്നതെന്നും, കൂടാതെ 23.04.2018 മുതൽ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്ത് വന്ന ഡോ.കൊച്ചുറാണി ജോണിന്റെ അപേക്ഷ പരിഗണിക്കുന്നതിനായിട്ടാണ് അപേക്ഷകയെ വൈക്കം താലൂക്ക് ആശുപത്രിയിൽ നിന്നും സ്ഥലം മാറ്റിയതെന്നും ഡോ.മിനി എബ്രഹാം ടിയാരിയുടെ സേവനകാലയളവിൽ 19.10.2010 മുതൽ 05.05.2018 വരെയുള്ള ചുരുങ്ങിയ കാലയളവ് ഒഴികെ കോട്ടയം ജില്ലയിൽ തന്നെയാണ് സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും, നിലവിൽ കോട്ടയം ജില്ലയിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെയില്ലാത്തതിനാൽ സ്ഥാനക്കയറ്റം മുഖേനയോ വിരമിക്കൽ മുഖേനയോ കോട്ടയം ജില്ലയിൽ ഇനി ഉണ്ടാകുന്ന ഒഴിവിലേക്ക് അപേക്ഷകയെ അർഹതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണെന്നും പരാമർശം (4) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2023 സ്ഥലം മാറ്റം നടപടികൾ പൂർത്തിയായിട്ടുണ്ട്. 2024 സ്ഥലം മാറ്റത്തിലേക്ക് കടക്കേണ്ട സമയം ആകുന്നു. അപേക്ഷക ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ അപേക്ഷകയേക്കാൾ അർഹത ഉള്ളവർക്കാണ് നിലവിൽ നിയമനം നൽകിയിരിക്കുന്നത്. അതിനാൽ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ കൂടി വെളിച്ചത്തിൽ നിലവിൽ നൽകിയ നിയമനങ്ങൾ ഡോ. മിനി അബ്രഹാമിനായി പുനഃ പരിശോധിക്കേണ്ടതായി കാണുന്നില്ല. എന്നാൽ, അപേക്ഷക ഹിയറിംഗ് സമയത്ത് എഴുതി നൽകിയ അപേക്ഷ പരിഗണിച്ച് ടിയാൾ ആവശ്യപ്പെട്ട സ്റ്റേഷനുകളിലോ ജില്ലകളിലോ ഗൈനക്കോളജി കൺസൾട്ടന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ

അപേക്ഷകയെ നിയമിക്കുന്നത് അനുഭാവപൂർവ്വം പരിഗണിയ്ക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5) OA No. 1981/2023 ഹർജിയിലെ ബഹു ട്രൈബ്യൂണലിന്റെ09.11.2023 തീയതിയിലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി.
ഡോ.മിനി അബ്രഹാം, കൺസൾട്ടന്റ് (ഒ&ജി), പെരുമാളിൽ ഹൗസ്, തലയോലപ്പറമ്പ, കോട്ടയം - 686 605.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Manjula G
Date: 07-02-2024 16:39:22
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ബി1-834/2024/ആ.വ.ഡ, തീയതി 12.02.2024 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

12/2/24
ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി